സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



### കാനഡയിലെ സ്കൂളിൽ വെടിവയ്പ്; അക്രമിയായ സ്ത്രീ ഉൾപ്പെടെ 10 പേർ കൊല്ലപ്പെട്ടു

ഒട്ടാവ: ബ്രിട്ടീഷ് കൊളംബിയ പ്രവിശ്യയിലുള്ള ടംബ്ലർ റിഡ്ജ് സെക്കൻഡറി സ്കൂളിൽ നടന്ന വെടിവയ്പിൽ അക്രമിയായ സ്ത്രീ ഉൾപ്പടെ പത്തുപേർ കൊല്ലപ്പെട്ടു. റോയൽ കാനഡ മൗണ്ടഡ് പൊലീസാണ് (ആർസിഎംപി) സംഭവത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടത്. സ്കൂളിനുള്ളിൽ ആറുപേരെ മരിച്ചനിലയിൽ കണ്ടെത്തിയതായും മറ്റൊരാൾ ആശുപത്രിയിൽ എത്തിക്കുന്നതിന് മുൻപും മരിച്ചതായും ആർസിഎംപി പുറത്തുവിട്ട പ്രസ്താവനയിൽ അറിയിച്ചു. വെടിവയ്പുമായി ബന്ധമുണ്ടെന്ന് കരുതുന്ന ഒരു വീട്ടിൽ നിന്ന് രണ്ടുപേരെ മരിച്ച നിലയിൽ കണ്ടെത്തിയതായും പൊലീസ് അറിയിച്ചു.

# ആറ് ഖണ്ഡികകൾ ആലപിക്കണം, എഴുന്നേറ്റുനിൽക്കണം; വന്ദേമാതരത്തിന് പുതിയ പ്രോട്ടോക്കോളുമായി കേന്ദ്രം

ന്യൂഡൽഹി: ദേശീയഗീതമായ വന്ദേമാതരത്തിന് പുതിയ ഔദ്യോഗിക പ്രോട്ടോക്കോൾ ഏർപ്പെടുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഉത്തരവിറക്കി. പുതിയ നിർദേശപ്രകാരം, വന്ദേമാതരത്തിന്റെ ആറ് ഖണ്ഡികകൾ ഉൾപ്പെട്ട മൂന്ന് മിനിറ്റും പത്ത് സെക്കന്റും ദൈർഘ്യമുള്ള പതിപ്പാണ് ഇനി മുതൽ ഔദ്യോഗിക ചടങ്ങുകളിൽ ആലപിക്കേണ്ടത്.

ദേശീയഗാനമായ 'ജനഗണമന'യ്ക്ക് വ്യക്തമായ നിയമങ്ങളും പ്രോട്ടോക്കോളുകളും നിലവിലുണ്ടായിരുന്നെങ്കിലും വന്ദേമാതരത്തിന് അത്തരത്തിലുള്ള ഔദ്യോഗിക നിബന്ധനകൾ ഉണ്ടായിരുന്നില്ല. ഇനിമുതൽ ദേശീയ പതാക ഉയർത്തുമ്പോഴും രാഷ്ട്രപതിയുടെയും ഗവർണർമാരുടെയും സാന്നിധ്യമുള്ള ഔദ്യോഗിക ചടങ്ങുകളിലും അവരുടെ പ്രസംഗങ്ങൾക്ക് മുൻപും ശേഷവും ഈ ഗീതം ആലപിക്കണമെന്ന് ജനുവരി 28-ന് പുറപ്പെടുവിച്ച 10 പേജുള്ള ഉത്തരവിൽ വ്യക്തമാക്കുന്നു.

ദേശീയഗാനവും ദേശീയഗീതവും ഒരുമിച്ച് ആലപിക്കുന്ന അവസരങ്ങളിൽ വന്ദേമാതരത്തിന് മുൻഗണന നൽകണമെന്നും അത് ആദ്യം ആലപിക്കണമെന്നും മന്ത്രാലയം നിർദേശിക്കുന്നു. ഗീതം ആലപിക്കുമ്പോഴോ പ്ലേ ചെയ്യുമ്പോഴോ സദസ്സിലുള്ളവർ എഴുന്നേറ്റുനിന്ന് ആദരവ് പ്രകടിപ്പിക്കണം. എന്നാൽ, വാർത്താചിത്രങ്ങളിലോ ഡോക്യുമെന്ററികളിലോ സിനിമയുടെ ഭാഗമായി ഗീതം കേൾപ്പിക്കുമ്പോൾ എഴുന്നേറ്റ് നിൽക്കേണ്ടതില്ല. ഇത് സിനിമയുടെ പ്രദർശനത്തെ തടസ്സപ്പെടുത്താതിരിക്കാനാണെന്നും



ഉത്തരവിൽ പറയുന്നുണ്ട്. ബാന്റ് സെറ്റുകളുടെ അകമ്പടിയോടെ വന്ദേമാതരം അവതരിപ്പിക്കുന്ന അവസരങ്ങളിൽ ഗീതം ആരംഭിക്കുന്നതിന് മുൻപായി ഏഴ് താളത്തിലുള്ള ഡ്രം റോൾ ഉണ്ടായിരിക്കണമെന്നും നിർദേശമുണ്ട്.

ചടങ്ങുകളെ ആഭ്യന്തര മന്ത്രാലയം മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. സിവിൽ ഇൻവെസ്റ്റിറ്റ്യൂറുകൾ, രാഷ്ട്രപതിയുടെയും ഗവർണർമാരുടെയും ഔദ്യോഗിക സന്ദർശനങ്ങൾ, ദേശീയ പതാക പരേഡിനായി കൊണ്ടുവരുന്ന സമയം തുടങ്ങിയവയിൽ ഗീതം കേൾപ്പിക്കണം. സാംസ്കാരിക പരിപാടികളിലും പതാക ഉയർത്തുന്ന ചടങ്ങുകളിലും ഗീതം കേൾപ്പിക്കുന്നതിനൊപ്പം സമൂഹാലാപനവും നടത്തണം. സ്കൂളുകളിൽ രാവിലെ വന്ദേമാതരം ആലപിക്കണമെന്നും വിദ്യാർത്ഥികളിൽ ദേശീയ പതാകയോടും ദേശീയഗീതത്തോടും ആദരവ് വളർത്താൻ സ്കൂൾ അധികൃതർ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രാലയം ആവശ്യപ്പെടുന്നു.

1870-കളിലെ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ ബങ്കിം ചന്ദ്ര ചാറ്റർജി സംസ്കൃതമിശ്രമായ ബംഗാളി ഭാഷയിൽ രചിച്ച ഗീതമാണ് വന്ദേമാതരം. 1950-ൽ ഈ ഗാനത്തിന്റെ ആദ്യ രണ്ട് ഖണ്ഡികകൾ ഇന്ത്യയുടെ ദേശീയഗീതമായി അംഗീകരിച്ചു. 1937-ൽ കോൺഗ്രസ് ഗാനത്തിലെ പ്രധാന ഭാഗങ്ങൾ നീക്കം ചെയ്തതിലൂടെ ദേശീയ പ്രതീകത്തെ ദുർബലപ്പെടുത്തിയെന്നും വന്ദേമാതരത്തെ വിഭജിച്ചതാണ് രാജ്യത്തിന്റെ വിഭജനത്തിന് കാരണമായതെന്നും കഴിഞ്ഞ വർഷം പാർലമെന്റിൽ നടന്ന ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആരോപിച്ചിരുന്നു. ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിന്റെ പ്രമേയവും വന്ദേമാതരത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു

## 90 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിച്ചില്ല

# എൻ. വാസുവിന് ജാമ്യം

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എൻ.വാസുവിനും ജാമ്യം. അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാത്തതിനാലാണ് സ്വാഭാവിക ജാമ്യം ലഭിച്ചത്. കേസിൽ ജയിൽമോചിതനാകുന്ന അഞ്ചാമനാണ് എൻ.വാസു. ദ്വാരപാലക സ്വർണാപഹരണക്കേസിൽ മൂന്നാം പ്രതിയും ശ്രീകോവിലിനു മുന്നിലെ കട്ടിളപ്പാളി സ്വർണാപഹണകേസിൽ അഞ്ചാം പ്രതിയുമാണ് എൻ.വാസു.



അതേസമയം, ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ സെക്രട്ടറി ജയശ്രീക്ക് താൽക്കാലിക ആശ്വാസം. സുപ്രീംകോടതി അറസ്റ്റ് തടഞ്ഞത് നീട്ടി. മുൻകൂർ ജാമ്യാപേക്ഷ പിന്നീട് പരിഗണിക്കും. ആരോഗ്യകാരണങ്ങൾ കണക്കിലെടുത്ത് മുൻകൂർ ജാമ്യം നൽകണമെന്നാണ് ആവശ്യം. കഴിഞ്ഞ തവണ ഹർജി പരിഗണിച്ച സുപ്രീം കോടതി ജയശ്രീയുടെ അറസ്റ്റ് തടഞ്ഞിരുന്നു. ചോദ്യം ചെയ്യലിന് ഹാജരാകാനും കോടതി നിർദ്ദേശിച്ചിരുന്നു. തുടർന്ന് അന്വേഷണ സംഘത്തിന് മുന്നിൽ ജയശ്രീ ഹാജരാവുകയും ചെയ്തു. ഹൈക്കോടതി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതോടെയാണ് ജയശ്രീ സുപ്രീം കോടതിയെ സമീപിച്ചത്. കേസിലെ പ്രതി ജല്ലറി ഉടമ ഗോവർദ്ധന്റെ ജാമ്യപേക്ഷ ഇന്നലെ സുപ്രീംകോടതി തള്ളിയിരുന്നു

കൂടുതൽ പേരെ ചോദ്യം ചെയ്യാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നീക്കം തുടങ്ങി. എസ് ജയശ്രീയെയും ചെന്നൈയിലെ സ്വർണക്കടയിലെ ജീവനക്കാരനായ കൽപേഷിനെയും ഇ.ഡി ചോദ്യം ചെയ്യും. ഇരുവരോടും തിങ്കളാഴ്ച്ച ഹാജരാകാൻ ആവശ്യപ്പെട്ട് ഇഡി നോട്ടിസ് നൽകി.

അതേസമയം, കേസിലെ മറ്റു പ്രതികളായ പങ്കജ് ഭണ്ഡാരി, ഗോവർധൻ, കെ.എസ്. ബൈജു എന്നിവരുടെ റിമാൻഡ് 14 ദിവസത്തേക്ക് നീട്ടി.

നേരത്തേ, ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി ഉൾപ്പെടെയുള്ളവർക്കും സ്വാഭാവിക ജാമ്യം ലഭിച്ചിരുന്നു.

## ഷിംജിതക്ക് ജാമ്യം

കോഴിക്കോട്: ബസിൽ ലൈംഗിക പീഡനം നടത്തിയതായി സോഷ്യൽ മീഡിയയിൽ വീഡിയോ പ്രചരിപ്പിച്ചതിനെ തുടർന്ന് ഗോവിന്ദപുരം സ്വദേശി ദീപക് ജീവനൊടുക്കിയ സംഭവത്തിൽ പ്രതി ഷിംജിത മുസ്തഫയ്ക്ക് ജാമ്യം. കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. 21 ദിവസത്തോളം ജയിലിൽ കഴിഞ്ഞശേഷമാണ് ജാമ്യം ലഭിച്ചത്.

ദീപക്കിന്റെ മരണത്തിൽ കുടുംബം നൽകിയ പരാതിയിലാണ് ഷിംജിതയെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി അറസ്റ്റുചെയ്തത്. ദീപക് ആത്മഹത്യ ചെയ്യാൻ കാരണം ഷിംജിത ഇൻസ്റ്റഗ്രാമിൽ ദൃശ്യങ്ങൾ സഹിതം ഉന്നയിച്ച ആരോപണങ്ങളാണെന്ന് കുടുംബം പരാതിപ്പെട്ടിരുന്നു.

## ആഗോള അയ്യപ്പ സംഗമത്തിലെ കണക്കുകളിൽ പൊരുത്തക്കേട്; ദേവസ്വം ബോർഡിനോട് മറുപടി തേടി ഹൈക്കോടതി

കൊച്ചി: ആഗോള അയ്യപ്പ സംഗമത്തിലെ വരവ് ചെലവ് കണക്കുകളിലെ പൊരുത്തക്കേടിൽ ദേവസ്വം ബോർഡിനോട് മറുപടി തേടി ഹൈക്കോടതി. സ്പെഷ്യൽ കമ്മിഷണർ സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിലാണ് കോടതി പൊരുത്തക്കേടുകൾ കണ്ടെത്തിയത്. പത്ത് ദിവസത്തിനകം കൃത്യമായ കണക്കുകൾ കോടതിയെ ധരിപ്പിക്കണമെന്നാണ് നിർദേശം.

ശബരിമല സ്വർണക്കൊള്ളക്കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ എസ്ഐടി നൽകിയ റിപ്പോർട്ടിൽ ആഗോള അയ്യപ്പസംഗമത്തെക്കുറിച്ച് പരാമർശമുണ്ടെന്നാണ് വിവരം. പിഎസ് പ്രശാന്ത് ആയിരുന്നു അപ്പോൾ ദേവസ്വം ബോർഡ് പ്രസിഡന്റ്. അയ്യപ്പ സംഗമം തീരുമാനിച്ച വിവരം ദേവസ്വം യോഗത്തിന്റെ മിനിട്സിൽ ഇല്ലെന്നാണ് എസ്ഐടി റിപ്പോർട്ടിൽ പറയുന്നത്.

അയ്യപ്പസംഗമം നടത്തിയതുവഴി 3.40 കോടി രൂപയുടെ നഷ്ടം ദേവസ്വം ബോർഡിനുണ്ടായിട്ടുണ്ടെന്നാണ് വിവരം. ദേവസ്വം ബോർഡിന്റേയോ സർക്കാരിന്റേയോ പണം അയ്യപ്പസംഗമത്തിനായി ഉപയോഗിക്കരുതെന്ന നിർദേശം ഹൈക്കോടതി നൽകിയിരുന്നു. സ്പോൺസർഷിപ്പിലൂടെ കണ്ടെത്താമെന്ന് കരുതിയ പണം ലഭിക്കാത്തതിനാൽ ദേവസ്വം ബോർഡിന്റെ സർപ്ലസ് ഫണ്ടിൽ നിന്നും മൂന്നുകോടിയിലധികം രൂപ ചെലവാക്കിയതായുള്ള റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്.

അതേസമയം, ആഗോള അയ്യപ്പ സംഗമത്തിനായി നാല് കോടി രൂപ സ്പോൺസർഷിപ്പിലൂടെ കിട്ടിയ കാര്യം അറിയാമെന്ന് ദേവസ്വം മന്ത്രി വി എൻ വാസവൻ പറഞ്ഞു. ബാക്കി കണക്ക് കൃത്യമായി പറയേണ്ടത് ദേവസ്വം ബോർഡാണ്. സംഗമത്തിനായി സർക്കാർ ഒരുക്കിയത് പശ്ചാത്തല സൗകര്യം മാത്രമാണ്. അയ്യപ്പ സംഗമം കാരണമാണ് ശബരിമല സ്വർണക്കൊള്ള പുറത്തുവന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

## ദേശീയ പണിമുടക്ക് ഇന്ന് രാത്രി 12 മണി മുതൽ

തൃശ്ശൂർ :രാജ്യത്തെ കേന്ദ്ര തൊഴിലാളി സംഘടനകളും, കർഷക സംഘടനകളും സംയുക്തമായി പ്രഖ്യാപിച്ച പൊതുപണിമുടക്ക് ഇന്ന് അർധരാത്രി മുതൽ.

കേന്ദ്രസർക്കാരിന്റെ തൊഴിൽ കോഡുകൾ പിൻവലിക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്. 10 ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ പ്രഖ്യാപിച്ച പൊതുപണിമുടക്കിൽ 30 കോടി തൊഴിലാളികൾ പങ്കെടുക്കുമെന്ന് തൊഴിലാളി സംഘടനകൾ അറിയിച്ചു. രാത്രി 12 മണിക്ക് ആരംഭിക്കുന്ന 24 മണിക്കൂർ പണിമുടക്ക് നാളെ അർധരാത്രി 12 മണി വരെയാണ്. സ്വകാര്യബസ് -കെഎസ്ആർടിസി ജീവനക്കാരും പണിമുടക്കിൽ പങ്കെടുക്കുന്നതിനാൽ ഗതാഗതം സ്തംഭിക്കും.

പാൽവിതരണം, പത്രങ്ങൾ, ആശുപത്രികൾ, മെഡിക്കൽ സ്റ്റോറുകൾ, ഫയർ ആൻഡ് റെസ്ക്യൂ സർവീസുകൾ, ആംബുലൻസുകൾ എന്നിവ പണിമുടക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## നിർമാതാവിന് 15 ലക്ഷം നൽകാൻ ബിജു മേനോനോട് നിർമാതാക്കളുടെ സംഘടന; കത്തുനൽകി



കൊച്ചി: നടൻ ബിജു മേനോൻ പ്രൊമോഷൻ അഭിമുഖത്തിൽ പങ്കെടുക്കാത്തതിനെത്തുടർന്ന് 25 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്ന 'നടന്ന സംഭവം' ചിത്രത്തിന്റെ നിർമാതാവ് അനൂപ് കണ്ണന്റെ പരാതിയിൽ ഇടപെട്ട് നിർമാതാക്കളുടെ സംഘടന. നിർമാതാവിന് നഷ്ടപരിഹാരമായി 15 ലക്ഷം രൂപ നൽകാൻ ബിജു മേനോനോട് കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. ഇക്കാര്യം കാണിച്ച് ബിജു മേനോന് കത്തുനൽകി.

ബിജു മേനോൻ കരാറിലെത്തുന്ന അടുത്ത ചിത്രത്തിന്റെ അഡ്വാൻസ് തുകയിൽനിന്ന് പണം ഈടാക്കാനാണ് നീക്കം. ഇക്കാര്യം അനൂപ് കണ്ണനേയും സംഘടന രേഖാമൂലം അറിയിച്ചു.

കരാർ പ്രകാരമുള്ള പ്രൊമോഷൻ അഭിമുഖത്തിൽനിന്ന് ബിജു മേനോൻ പിന്മാറിയതിനെത്തുടർന്ന് 25 ലക്ഷം രൂപ നഷ്ടമായെന്ന് കാണിച്ച് അനൂപ് കണ്ണൻ നിർമാതാക്കളുടെ സംഘടനയ്ക്ക് പരാതി നൽകിയിരുന്നു. ഈ പരാതിയിലാണ് സംഘടനയുടെ നടപടി. സിനിമയിലെ തൊഴിലാളി യൂണിയനായ ഫെഫ്ക ചെയർമാൻ ബി. ഉണ്ണികൃഷ്ണന്റെ വെളിപ്പെടുത്തലോടെയാണ് സംഭവം പുറംലോകം അറിയിഞ്ഞത്.

'നടന്ന സംഭവം' എന്ന ചിത്രത്തിന്റെ ഒടിടി റിലീസിന് മുന്നോടിയായി ഒരു ചാനലിലെ അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ബിജു മേനോൻ ഇത് അംഗീകരിക്കുകയുംചെയ്തു. പിന്നീട് പ്രൊമോഷനിൽനിന്ന് പിന്മാറിയെന്നാണ് നിർമാതാവിന്റെ പരാതി.

## 'ശബരിമലയിലെ മുഴുവൻ സ്വർണവും അടിച്ചുമാറ്റി എന്ന വാർത്താക്കുറിപ്പ് കണ്ടു'; രൂക്ഷ വിമർശനവുമായി സുപ്രീംകോടതി

ന്യൂഡൽഹി: സ്വർണക്കൊള്ളക്കേസിൽ ആർക്കും മുൻകൂർ ജാമ്യം നൽകില്ലെന്ന് സുപ്രീംകോടതി. കേസിൽ നാലാം പ്രതിയായ ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എസ് ജയശ്രീയുടെ മുൻകൂർ ജാമ്യഹർജി പരിഗണിക്കെയാണ് സുപ്രീംകോടതി ഇക്കാര്യം വ്യക്തമാക്കിയത്. ജയശ്രീയുടെ അറസ്റ്റ് തടഞ്ഞ ഉത്തരവ് നീട്ടിയ കോടതി ഫെബ്രുവരി 18ന് പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരാകാനും നിർദേശം നൽകിയിട്ടുണ്ട്. ജസ്റ്റിസ് ദീപാങ്കർ ദത്ത അദ്ധ്യക്ഷനായ ബെഞ്ചാണ് ജയശ്രീയുടെ ഹർജി പരിഗണിച്ചത്.

കേസ് പരിഗണിക്കവെ ബെഞ്ചിലെ മറ്റൊരു അംഗമായ ജസ്റ്റിസ് സതീഷ് ചന്ദ്രശർമ്മ ചില പരാമർശങ്ങൾ കേസുമായി ബന്ധപ്പെട്ട് നടത്തി. ശബരിമലയിലെ കൊടിമരത്തിൽ നിന്നടക്കം മുഴുവൻ സ്വർണവും അടിച്ചുമാറ്റി എന്ന വാർത്താക്കുറിപ്പ് കണ്ടു. നിങ്ങൾക്ക് ഗുരുതരമായ അസുഖം ഉണ്ടെന്നാണ് പറയുന്നത്. ചികിത്സയ്ക്ക് എയിംസിൽ സൗകര്യം ഒരുക്കാമെന്നും ജസ്റ്റിസ് സതീഷ് ചന്ദ്ര ശർമ്മ പറഞ്ഞു. പിന്നാലെ ജഡ്ജി തന്നെ കേരളത്തിൽ എയിംസ് ഉണ്ടോയെന്ന് ചോദിക്കുകയും ചെയ്തു. പിന്നീട് ജഡ്ജിമാർ തമ്മിൽ കൂടിയാലോചന നടത്തിയാണ് അറസ്റ്റ് തടഞ്ഞ ഉത്തരവ് നീട്ടിയത്.

കേസിൽ ജയശ്രീയുടെ പങ്ക് വ്യക്തമാണെന്നും ജാമ്യം നൽകരുതെന്നും പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) സുപ്രീംകോടതിയിൽ അറിയിച്ചിരുന്നു. ബോർഡ് തീരുമാനങ്ങൾക്ക് വിരുദ്ധമായാണ് ജയശ്രീ പ്രവർത്തിച്ചതെന്നും എസ്ഐടി പറഞ്ഞു. ജയശ്രീയെ കസ്റ്റഡിയിൽ ചോദ്യം ചെയ്യണമെന്നും സമർപ്പിച്ച സത്യവാങ്മൂലത്തിൽ എസ്ഐടി പറയുന്നു.

ജയശ്രീ ദേവസ്വം ബോർഡ് മിനിട്സ് തിരുത്തിയെന്നായിരുന്നു പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയത്. ചെമ്പുപാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൊടുത്തുവിടണമെന്നായിരുന്നു ജയശ്രീ മിനിട്സിൽ എഴുതിയത്. ദ്വാരപാലക ശില്പങ്ങൾ സ്വർണം പൊതിഞ്ഞതാണെന്നറിഞ്ഞിട്ടും ചെമ്പ് പൂശിയതാണെന്ന് ജയശ്രീ രേഖപ്പെടുത്തിയെന്ന് എഫ്ഐആറിൽ പറയുന്നത്. ആദ്യഘട്ടത്തിൽ ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് ജയശ്രീ കോടതിയെ സമീപിച്ചത്. തിരുവല്ല സ്വദേശിനിയായ ഇവർ നിലവിൽ കാക്കാനാടാണ് താമസിക്കുന്നത്.

2017 ജൂലായ് മുതൽ 2019 ഡിസംബർ വരെ ജയശ്രീ ആയിരുന്നു ദേവസ്വം ബോർഡ് സെക്രട്ടറി. അതിനുശേഷം 2020 മേയിൽ വിരമിക്കുന്നതുവരെ തിരുവാഭരണം കമ്മിഷണറായും പ്രവർത്തിച്ചു.

## സ്പീക്കർക്കെതിരായ അവിശ്വാസ നോട്ടീസ്; സെക്രട്ടറി ജനറൽ നിയമോപദേശം തേടും

ന്യൂഡൽഹി: പ്രതിപക്ഷം അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകിയ പശ്ചാത്തലത്തിൽ ലോക്സഭ സ്പീക്കർ ഓം ബിർല ഇന്ന് സഭയിൽ നിന്ന് വിട്ടുനിൽക്കുന്നു. പ്രമേയത്തിൽ അന്തിമ തീരുമാനം വരുന്നതുവരെ സ്പീക്കർ സഭയിലെത്തില്ലെന്നാണ് സൂചന. ബഡ്ജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം വെള്ളിയാഴ്ച അവസാനിക്കും. ലോക്സഭയിൽ ഇന്നും ബഡ്ജറ്റിന്മേലുള്ള ചർച്ച തുടരും. പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഇന്ന് സഭയിൽ സംസാരിക്കുമെന്നും കോൺഗ്രസ് വ്യക്തമാക്കി. ധനമന്ത്രി ഇന്ന് ചർച്ചയ്ക്ക് മറുപടി നൽകും.

അതേസമയം, ലോക്സഭാ സ്പീക്കറെ നീക്കാനുള്ള നോട്ടീസിൽ സെക്രട്ടറി ജനറൽ നിയമോപദേശം തേടും. നോട്ടീസ് ചട്ടപ്രകാരമാണോ എന്ന് പരിശോധിക്കും. ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് സെക്രട്ടറി ജനറലിനോട് സ്പീക്കർ നിർദേശിച്ചു. നോട്ടീസ് മാർച്ച് 9ന് സഭയിൽ ചർച്ചയ്ക്കെടുക്കാനാണ് സാദ്ധ്യത.

അവിശ്വാസപ്രമേയം അവതരിപ്പിക്കാനുള്ള തീരുമാനത്തിന് പിന്നിൽ 3കാരണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. നന്ദിപ്രമേയ ചർച്ചയിൽ പ്രതിപക്ഷ നേതാവായ രാഹുൽ ഗാന്ധിയെ സംസാരിക്കാൻ അനുവദിച്ചില്ലെന്നാണ് പ്രാധാനമായും ആരോപിക്കുന്നത്. സഭയിൽ പ്രതിഷേധിച്ച എട്ട് പ്രതിപക്ഷ എംപിമാരെ ബഡ്ജറ്റ് സമ്മേളനത്തിന്റെ രണ്ടാംഘട്ടം അവസാനിക്കുന്നതുവരെ സസ്പെന്റ് ചെയ്തതാണ് മറ്റൊരു കാരണം.

## വീട്ടിൽ ഒരുകിലോ എംഡിഎംഎ, പണമായി 21 ലക്ഷംരൂപ; ഗൃഹനാഥനും ഭാര്യയും അടക്കം മൂന്നുപേർ പിടിയിൽ; മകൻ ഒളിവിൽ

തേഞ്ഞിപ്പലം (മലപ്പുറം): കാലിക്കറ്റ് സർവകലാശാലയ്ക്ക് സമീപം വിളക്കാഞ്ചേരിയിൽ വീട്ടിൽ സൂക്ഷിച്ച വൻ രാസലഹരി ശേഖരവും 21 ലക്ഷം രൂപയും പിടികൂടി. ചേലേമ്പ്ര സ്വദേശി പെരിഞ്ചിക്കര അസീസിന്റെ(53) വീട്ടിൽനിന്നാണ് 1.16 കിലോ എംഡിഎംഎ പിടികൂടിയത്. ഇതിന് ഒരു കോടിയോളം രൂപ വിലവരുമെന്ന് പോലീസ് പറഞ്ഞു. സംഭവത്തിൽ അസീസിനെയും ഇയാളുടെ ഭാര്യ കമറുന്നീസ(50) യെയും അസീസിന്റെ മകൻ ജാസിറിന്റെ സുഹൃത്തായ സലാവുദ്ദീൻ എന്നയാളെയും പോലീസ് അറസ്റ്റ്ചെയ്തു. അസീസിന്റെ മകൻ ജാസിർ ഒളിവിൽപോയിരിക്കുകയാണെന്നും പോലീസ് പറഞ്ഞു.



തേഞ്ഞിപ്പലം പോലീസും ഡാൻസാഫ് സംഘവും സംയുക്തമായി നടത്തിയ പരിശോധനയിൽ വീട്ടിൽനിന്ന് ലഹരിമരുന്ന് ശേഖരം പിടിച്ചെടുത്തത്. ഇതിനുപുറമേ വീട്ടിൽ സൂക്ഷിച്ചിരുന്ന 21 ലക്ഷത്തോളം രൂപ, അഞ്ച് ഇലക്ട്രിക് ത്രാസുകൾ, വാക്കിടോക്കി, ഗ്യാസ് ബർണർ എന്നിവയും പിടിച്ചെടുത്തു.

ജാസിറും കുടുംബവും കുറച്ചുകാലമായി സർവകലാശാല പരിസരം കേന്ദ്രീകരിച്ച് ലഹരിമരുന്ന് വിൽപ്പന നടത്തിവരികയായിരുന്നുവെന്നും പോലീസ് പറഞ്ഞു. മലപ്പുറം ജില്ലാ പോലീസ് മേധാവി ആർ. വിശ്വനാഥിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി എഎസ്പി കാർത്തിക് ബാലകുമാർ, നാർക്കോട്ടിക് സെൽ ഡിവൈഎസ്പി സിബി, തേഞ്ഞിപ്പലം ഇൻസ്പെക്ടർ ജലീൽ കറുത്തേടത്ത്, സബ് ഇൻസ്പെക്ടർമാരായ സത്യജിത്ത്, ജസ്റ്റിൻ എന്നിവരും ഡാൻസാഫ് സംഘാംഗങ്ങളായ സഞ്ജീവ്, രതീഷ്, മുസ്തഫ, സബീഷ്, സുബ്രഹ്മണ്യൻ, അഭിലാഷ്, തേഞ്ഞിപ്പലം സ്റ്റേഷനിലെ എസ്ഐ സജീവ്, എഎസ്ഐ ഗീത, എസ്സിപിഒ സംഗീത, അജിത്, അബ്ദുള്ള ബാബു, ഋഷികേശ്, അമർനാഥ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

### കോടതി പരസ്യം

**ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ**

**O.S. 319/2015**

Canara Bank

-വാദി

1) M/s. Cell Media, Rep. by Proprietor Shanil, Vilakkumkal, Kuzhur Desom, Kuzhur P.O., Chalakudy Talauk

2) Shanil, S/o. Sadanandhan, Arundathi House, Vadama Village, Kottamuri Desom, Vadama P.O., Chalakudy Taluk

- പ്രതികൾ

മേൽനമ്പ്ര് കേസ്സിൽ പ്രതികൾക്കുള്ള സമൻസ് ബഹു. കോടതിയിലും, ടിയാരുടെ വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് 16-2-2026 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. കേസ് കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു കോടതി മുമ്പാകെ ഹാജരായി ആക്ഷേപ സംഗതി ബോധിപ്പിക്കേണ്ടതും, അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ്സ് തീർപ്പു കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 6-2-2026

വാദി ഭാഗം അഡ്വക്കെറ്റ്.

**P. R. ANANDAN** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ**

**O.S. No. 403/2025**

Canara Bank -വാദി

1) Blush Beauty Make Up Studio and Beauty Clinic Rep. by Proprietor Lakshmi, Opposite Canara Bank, Tana, Irinjalakuda Village and Desom, Mukundapuram Taluk

2) Lakshmi, D/o. Hareesh, Thottungal House, Elthuruth Desom Methala Village, Kodungallur Taluk

- പ്രതികൾ

മേൽനമ്പ്ര് കേസ്സിൽ പ്രതികൾക്കുള്ള സമൻസ് ബഹുമാനപ്പെട്ട കോടതിയിലും, ടിയാരുടെ വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് 13-3-2026 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. കേസ് കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു കോടതി മുമ്പാകെ ഹാജരായി ആക്ഷേപ സംഗതി ബോധിപ്പിക്കേണ്ടതും, അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ്സ് തീർപ്പു കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 10-2-2026

വാദി ഭാഗം അഡ്വക്കെറ്റ്.

**P. R. ANANDAN** (ഒപ്പ്)

### കോടതിപരസ്യം

**ബഹു. തൃശ്ശൂർ കുടുംബ കോടതി**

**MC. 288/2025, MP. 1620/2025**

1) സ്നേഹ കെ ബി, 29 വയസ്, S/o. ബാബു, കോരപറമ്പിൽ ഹൗസ്, വടക്കുംമുറി പി ഒ., മുണ്ടത്തിക്കോട്, മുണ്ടത്തിക്കോട് വില്ലേജ് തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല പിൻ-680601
2 നിസിൻ 0 വയസ് (DOB 15-2-2025) S/o, സ്നേഹ കെ ബി, 29 വയസ്, D/o. ബാബു, കോരപറമ്പിൽ ഹൗസ്. വടക്കുംമുറി പി.ഒ മുണ്ടത്തിക്കോട്, മുണ്ടത്തിക്കോട് വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല-പിൻ 800 601

-ഹർജിക്കാർ

നിഷാദ് എം.വി. 40 വയസ്സ് S/o. Late വാസു, മുതിരംപറമ്പത്ത് ഹൗസ്, കൊരട്ടിക്കര ദേശം, പി. കൊരട്ടിക്കര, കൊരട്ടിക്കര വില്ലേജ് കുന്ദംകുളം താലൂക്ക് തൃശ്ശൂർ- 680 543

-എതൃകക്ഷി

ബഹുമാനപ്പെട്ട തൃശ്ശൂർ കുടുംബ കോടതിയിൽ നിലവിലുള്ള ഹർജിക്കാർക്ക് എതൃകക്ഷിയിൽ നിന്നും താൽക്കാലിക ചിലവിന് ലഭിക്കാനുള്ള MP. 1620 / 2025 നമ്പർ കേസ്സിലെ എതൃകക്ഷിക്കുള്ള സമൻസ് ടിയാന്റെവാസസ്ഥലത്തും, കോടതിയിലും പതിച്ച് നടത്താൻ കൽപ്പിച്ചും, പത്രത്തിൽ പരസ്യം ചെയ്യാൻ കൽപ്പിച്ചും പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ചും മേൽനമ്പ് കേസ്സ് 21-2-2026 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. ടി കാര്യത്തിൽ ആക്ഷേപമോ, മറ്റോ ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേ ദിവസം കോടതിയിൽ ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം മേൽ നമ്പ്ര് കേസ്സ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 21-01- 2026

ഹർജി ഭാഗം അഡ്വക്കെറ്റ് :

**സി.ടി. ഷാജി** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





തൃശൂർ സ്വർണ്ണമുഖി ഗോൾഡ് ആന്റ് ഡയമണ്ട്സിൽ ടിങ്കിൾ ഓറ ഡയമണ്ട് ഫെസ്റ്റ് ഉൽഘാടനം പ്രശസ്ത സിനിമാ താരം അൻസിബ ഹസൻ നിർവഹിച്ചപ്പോൾ. സൂര്യ ഭാരതി ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ആന്റ് മാനേജിങ്ങ് ഡയറക്ടർ കെ.പി. മനോജ് കുമാർ സമീപം. വ്യാപാര സാമൂഹ്യ സാംസ്കാരിക മേഖലകളിലെ പ്രമുഖ വ്യക്തികൾ ഉൾപ്പെടെ വൻ ജനാവലി ചടങ്ങിൽ പങ്കെടുത്തു.

## ഗുരുവായൂർ ക്ഷേത്രത്തിൽ സുരക്ഷാ വീഴ്ച

ഗുരുവായൂർ: ക്ഷേത്രത്തിൽ സുരക്ഷാ കൈവരിയിൽ തട്ടി കുട്ടിക്ക് പരിക്ക്. ആലത്തൂർ സ്വദേശിയായ 10 വയസുകാരന് കണ്ണിനാണ് പരിക്കേറ്റത്. കൃഷ്ണമണിക്കും കൺപോളയിലും പരിക്കുണ്ട്. ക്ഷേത്രത്തിലെ സ്റ്റീൽ കൈവരിയുടെ പൊട്ടിയ അറ്റം തറച്ചു കയറിയാണ് അപകടം.



ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി നവതി ആഘോഷത്തിന്റെ ഭാഗമായി നഗരസഭാ ഓഫീസിൽ 100 ദിവസത്തോളം നീണ്ടു നിൽക്കുന്ന പരിപാടികളുടെ ദീപം തെളിയിക്കൽ നഗരസഭാ ചെയർമാൻ എം പി ജാക്സൺ ഉൽഘടനം ചെയ്തു. നഗരസഭാ ഡെപ്യൂട്ടി ചെയർപേഴ്സൺ അദ്ധ്യക്ഷം വഹിച്ച പരിപാടിയിൽ പ്രതിപക്ഷ നേതാവ് ശിവകുമാർ, കൗൺസിലർമാരായ പ്രസാദ്, സ്മിതാ കൃഷ്ണകുമാർ, മുൻ ചെയർപേഴ്സൺ അഡ്വ. സുജ സഞ്ജീവ്കുമാർ, എന്നിവർ ആശംസകൾ അർപ്പിച്ചു. നഗരസഭാ സെക്രട്ടറി ഷാജിക് എം എച്ച് നന്ദി അറിയിച്ചു സംസാരിച്ചു.

# അമലക്ക് ആഗോള അംഗീകാരം

തൃശ്ശൂർ: അമല മെഡിക്കൽ കോളേജിന് ആഗോള അംഗീകാരമായ 'PRIME' ( Preventing Risks of Infections and Medical Errors) ലഭിച്ചു. ജോയിന്റ് കമ്മീഷൻ ഇന്റർനാഷണൽ (JCI) നൽകുന്ന 'ഇൻഫെക്ഷൻ പ്രിവൻഷനും മെഡിക്കേഷൻ എറർ' സർട്ടിഫിക്കറ്റ് നേടുന്ന കേരളത്തിലെ ആദ്യ മെഡിക്കൽ കോളേജ് ആയി അമല മെഡിക്കൽ കോളേജ് മാറി. അമല മെഡിക്കൽ കോളേജ് പുലർത്തുന്ന ഉന്നത നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്ന ഒരു വർഷം നീണ്ട പരിശീലനവും ഓഡിറ്റിങ്ങും ബി.ഡി.ജെ.സി.ഐ യുടെ നേതൃത്വത്തിൽ നടക്കുകയും അതിന്റെ ഫലമായി അമല ആശുപത്രിക്ക് അംഗീകാരം ലഭിക്കുകയും ആയിരുന്നു. ഇന്ത്യയിൽ ഈ അംഗീകാരം ലഭിച്ച മൂന്നാമത്തെ മെഡിക്കൽ കോളേജ് ആയി മാറിയിരിക്കുകയാണ് അമല. ഈ അംഗീകാരത്തിന്റെ ഭാഗമായി എല്ലാ രോഗികൾക്കും അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സയും പരി



ചരണവും ലഭിക്കുകയാണ്. പ്രസ്തുത അംഗീകാരം അമല മെഡിക്കൽ കോളേജിനെ ദേശീയ തലത്തിൽ തന്നെ മെഡിക്കൽ കോളേജുകളിലും ഉന്നത നിലവാരവും അണുബാധ പ്രതിരോധത്തിലും മെഡിക്കേഷൻ ഏററുകൾ ഇല്ലാത്തതുമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിചരണ കേന്ദ്രമായി ഖഇക സർട്ടിഫൈ ചെയ്തു. ഈ അംഗീകാരം നേടുന്നതിനായി ഖഇക തലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കഠിനമായ പരിശീലനവും ഓഡിറ്റിങ്ങും എല്ലാ നഴ്സുമാർക്കും ഒരു വർഷമായി നടന്നു വരികയായിരുന്നു. JCI സർട്ടിഫിക്കേഷൻ ഇന്ന് പൂർത്തിയായി. പ്രസ്തുത സർട്ടിഫിക്കേഷൻ ചടങ്ങിൽ അമല ജോയിന്റ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ, BD South Asia Medical Affairs (ബിഡി സൗത്ത് ഏഷ്യ മെഡിക്കൽ അഫയേഴ്സ്) മാനേജർ പങ്കജ് റെയ്ന, സൗത്ത് ഇന്ത്യ മാനേജർ ഉമ മഹേശ്വരൻ, കേരള മെഡിക്കൽ അഫയർസ് മാനേജർ ഡോ. കുര്യൻ വർഗ്ഗീസ്, അമല നഴ്സിങ് ചീഫ് ഓഫീസർ സിസ്റ്റർ. ലിഖിത തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പി എച്ച് ഡി നേടിയ ശിൽപ കെ. അശോക് (ഇംഗ്ലീഷ് അധ്യാപിക, ശ്രീ കേരളവർമ്മ കോളേജ്). തൃശ്ശൂർ ശ്രീപദം വീട്ടിൽ അഡ്വ. അശോക് കുമാർ കെ. പി യുടെയും അധ്യാപിക കെ. രേണുകയുടെയും മകളും, തൃശൂർ മേലേത്ത് വീട്ടിൽ അഡ്വ. രാകേഷ് എസ്. മേനോന്റെ പത്നിയുമാണ്.

## സാമ്പത്തിക സുരക്ഷക്കും ദീർഘകാല സമ്പാദ്യത്തിനും ഐസിഐസിഐ പ്രൂ സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ്

തൃശൂർ: മികച്ച സാമ്പത്തിക സുരക്ഷയ്ക്കും ദീർഘകാല സമ്പാദ്യത്തിനും സഹായിക്കുന്ന പദ്ധതിയാണ് ഐസിഐസിഐ പ്രൂ സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് എന്ന് സാമ്പത്തിക വിദഗ്ധർ. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ 65 ശതമാനവും 35 വയസിന് താഴെയുള്ളവരായ സാഹചര്യത്തിൽ ഈ പ്ലാൻ യുവജനങ്ങൾക്ക് വളരെ അനുയോജ്യമാണെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

പ്രതിമാസം 1000 രൂപ മുതൽ ആരംഭിക്കുന്ന പ്രീമിയങ്ങളുള്ള ഈ ഉൽപ്പന്നം യുവ പ്രൊഫഷണലുകൾക്കും ആദ്യമായി നിക്ഷേപം നടത്തുന്നവർക്കും നേരത്തെ നിക്ഷേപം തുടങ്ങാനും ഭാവിയിലെ ആവശ്യങ്ങൾക്കായി സമ്പാദിക്കാനും സഹായകരമാണ്. ഐസിഐസിഐ പ്രൂ സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് ചെലവ് കുറഞ്ഞ ഒരു ഉൽപ്പന്നമാണ്, ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ആസ്തി വിഹിതം അനുസരിച്ച് മുഴുവൻ പ്രീമിയം തുകയും നിക്ഷേപിക്കുന്ന രീതിയാണിത്. ഉപഭോക്താക്കൾക്ക് 25 വ്യത്യസ്ത ഫണ്ടുകളും തിരഞ്ഞെടുക്കാൻ നാല് പോർട്ട്ഫോളിയോ സ്ട്രാറ്റജികളും ഇത് വാഗ്ദാനം ചെയ്യുന്നു.

ഏതെങ്കിലും അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്ലാൻ ഭാഗിക പിൻവലിക്കലുകളും നൽകുന്നു. കൂടാതെ, ജീവിതത്തിൽ അപ്രതീക്ഷിത വഴിത്തിരിവുകൾ ഉണ്ടായാലും കുടുംബത്തിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിൽ 'പ്രീമിയം ഒഴിവാക്കൽ' എന്ന ആഡ്-ഓൺ ആനുകൂല്യവും ഇതിലുണ്ടെന്ന് കമ്പനി വ്യക്തമാക്കുന്നു.

## ഇരിങ്ങാലക്കുട നഗരസഭ, നവതി ആഘോഷങ്ങൾക്ക് തുടക്കമായി



ഇരിങ്ങാലക്കുട: സംസ്ഥാന സ്കൂൾ കാലോത്സവത്തിൽ ദേശഭക്തിഗാനം, സംഘഗാനം എന്നിവയിൽ എ ഗ്രേഡ് കരസ്ഥമാക്കിയ ബാലഗോപാൽ സി ജെ, ചവിട്ടുനാടകത്തിൽ എ ഗ്രേഡ് കരസ്ഥമാക്കിയ ജ്യോതിക ജോഷി എന്നിവരെ യൂത്ത് കോൺഗ്രസ്സ് ഇരിങ്ങാലക്കുട ടൗൺ മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ ആദരിച്ചു. ടൗൺ മണ്ഡലം പ്രസിഡന്റ് ജോമോൻ മണാത്തിന്റെ നേതൃത്വത്തിൽ വീട്ടിലെത്തി ആദരിച്ചു. കെ പി സി സി ജനറൽ സെക്രട്ടറി സോണിയ ഗിരി ഉപഹാരം കൈമാറി. ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് സോമൻ ചിറ്റേത്ത്, മണ്ഡലം പ്രസിഡന്റ് അബ്ദുൾ ഹഖ് മാസ്റ്റർ, മണ്ഡലം വൈസ് പ്രസിഡന്റ് ശ്രീറാം ജയബാലൻ, യൂത്ത് കോൺഗ്രസ്സ് നിയോജക മണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരൻ, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം ഭാരവാഹികളായ ഗോപീകൃഷ്ണൻ, ഷിൻസ് വടക്കൻ, ബൂത്ത് പ്രസിഡന്റ് എം പി ചെറിയാൻ, വാർഡ് പ്രസിഡന്റ് മുരളി, രഞ്ജിത്ത്, സന്തോഷ് ആലുക്ക തുടങ്ങിയവർ സന്നിഹിതരായി.

## സെന്റ് ജോസഫ്സ് കാലിക്കറ്റ് സെപക് ചാമ്പ്യൻ



ഇരിങ്ങാലക്കുട: എം എ എസ് കോളേജ് മമ്പാട് വച്ച് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി വനിത ഇൻറർ സോൺ സെപക് ടാക്രോ ചാമ്പ്യൻഷിപ്പിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് ഓവർഓൾ ചാമ്പ്യന്മാരായി. ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ തൃശൂർ സെൻറ് മേരീസ് കോളേജിനെ തോൽപ്പിച്ചാണ് സെന്റ് ജോസഫ്സ് കിരീടം ചൂടിയത്. ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. സമ്മാനദാനം കോളേജ് പ്രിൻസിപ്പാൾ ഡോ.അലിക്കുട്ടി.ടി.പി. നിർവഹിച്ചു. കോളേജ് കായിക വകുപ്പ് മേധാവി റഫീക് വിജയികളെ അഭിനന്ദിച്ച് സംസാരിച്ചു.

## മാറ്റി നിർത്തപ്പെട്ടവരെ ചേർത്ത് നിർത്തുമ്പോഴാണ് ജീവിതം ധന്യമാകുന്നത്: കരീം പന്നിത്തടം



പെരുമ്പിലാവ്: മനുഷ്യർക്കിടയിൽ കാരുണ്യത്തിന്റെ പാലങ്ങൾ പണിതുയർത്തി ജീവിതസായാഹനത്തിൽ തന്റേതല്ലാത്ത കാരണങ്ങളാൽ മാറ്റി നിർത്തപ്പെട്ടവരെ ചേർത്ത് നിർത്തി സഹായിക്കുമ്പോഴാണ് യഥാർത്ഥ ജീവിതം ധന്യമാകുന്നതെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു. ചിറമനേങ്ങാട് കനിവ് ട്രസ്റ്റ് നു കീഴിലുള്ള 'കനിവ്എന്റെ വീട്'ൽ സംഘടിപ്പിച്ച കാരുണ്യ സ്പർശം 2026 പദ്ധതി ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിഭിദ് ചാരിറ്റബിൾ ട്രസ്റ്റും കനിവ് ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായി ചിറമനെങ്ങാട് 'കനിവ് എന്റെ വീട് 'ൽ സംഘടിപ്പിച്ച 'കാരുണ്യ സ്പർശം 2026' സംഗമത്തിൽ അന്തേവാസികൾക്കായി ഒരു വർഷത്തേക്കുള്ള സൗജന്യ മരുന്നുകളുടെ വിതരണം കനിവ് ചെയർപേഴ്സൺ എസ്.ജമീല ടീച്ചർക്ക് കരീം പന്നിത്തടം കൈമാറി.

ചടങ്ങിൽ കനിവ് ട്രഷറർ ടി.എ.ഉസ്മാൻ അധ്യക്ഷത വഹിച്ചു. പൊതുപ്രവർത്തകൻ എം.എ.കമറുദ്ധീൻ മുഖ്യപ്രഭാഷണം നടത്തി.വിഭിദ് ട്രസ്റ്റ് ജനറൽ കൺവീനർ അൻവർ അബൂബക്കർ പദ്ധതിയുടെ വിശദീകരണം നടത്തി. കനിവ് ട്രസ്റ്റ് മാനേജർ ബാപ്പുനു വി മുഹമ്മത്, ഭാഗ്യ റ്റി.കെ.ഷൈമ എന്നിവർ സംസാരിച്ചു.



ജാമിഅ മർകസുസ്സഖാഫത്തി അറബി കോളേജിൽ നിന്നും സഖാഫി ബിരുദ്ധം കിട്ടിയ വടൂക്കര സ്വദേശി അബുവിന്റെ മകൻ മുഹമ്മദ് അസ്‌ലം സഖാഫി





എടതിരിഞ്ഞി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റായി സി പി ഐയിലെ മുരളി മണക്കാട്ടുംപടിയും വൈസ് പ്രസിഡന്റായായി സി പി ഐ എമ്മിലെ സജീഷിനെയും തിരഞ്ഞെടുത്തു.ഇടതുപക്ഷ ജനാധിപത്യമുന്നണി ധാരണപ്രകാരമാണ് നിലവിലെ ബോർഡിൽ തിരഞ്ഞെടുപ്പ് നടന്നത്.

